പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2935 — 22.02.2016-ൽ മറുപടിക്ക്

## നഗരങ്ങളിലെ ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.ശിവദാസൻ നായർ<br>ശ്രീ. പി.എ.മാധവൻ<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. സണ്ണി ജോസഫ് | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും<br>വകുപ്പു മന്ത്രി) |
| (എ) നഗരങ്ങളിൽ അത്യാധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് ഖര മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ ; | (എ) നഗരമാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിലേക്കായി ആധുനിക സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി പിപിപി അടിസ്ഥാനത്തിൽ എറണാകുളത്ത് ബ്രഹ്മപുരത്ത് മാതൃകാ പ്ലാന്റ് സ്ഥാപിക്കുന്നതിലേക്കുളള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ; | (ബി) തെർമൽ ടെക്നോളജിയിൽ അധിഷ്ഠിതമായ സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി മാലിന്യത്തിൽ നിന്നും വൈദ്യുതി ഉൽപാദിപ്പിക്കാൻ കഴിയുന്ന തരത്തിലുള്ള പ്ലാന്റ് പി.പി.പി. അടിസ്ഥാനത്തിൽ സ്ഥാപിക്കുകയെന്നതാണ് ലക്ഷ്യം. |
| (സി) ഇത് നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ? | (സി) ബ്രഹ്മപുരത്ത് ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് പി.പി.പി മാതൃകയിൽ സ്ഥാപിക്കുവാനുദ്ദേശിക്കപ്പെടുന്ന മാലിന്യ സംസ്ക്കരണ പ്ലാന്റിന്റെ നിർവഹണത്തിനായി M/s. G.J.Nature Care Consortium (G.J Nature Care & Energy Pvt. Ltd., Ernakulam (Lead Member), Biomass Power Ltd, UK, London Investment Ltd., UK) എന്ന സ്ഥാപനത്തിന്റെ പ്രോജക്ട് 295 കോടി രൂപ അടങ്കലായി നടപടി ക്രമങ്ങൾ പാലിച്ച് സർക്കാർ അംഗീകരിക്കുകയും ആയതിന്റെ നിർവഹണത്തിനായി കൊച്ചി കോർപ്പറേഷനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ